**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6452** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഒമ്മല-ഒന്തമല ഊരിൽ പട്ടയം നല്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അഗളി പഞ്ചായത്തിലെ കള്ളമല വില്ലേജിൽ ഒമ്മല-ഒന്തമല ഊരിൽ താമസിക്കുന്ന ഇരുപത്തിയഞ്ചോളം ആദിവാസി കുടുംബങ്ങൾ അപേക്ഷ നൽകിയിട്ടും നാളിതുവരെ പട്ടയവും പട്ടയ ഭൂമിയിൽ റീസർവ്വേ നടത്തിയ രേഖകളും നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അഗളി പഞ്ചായത്തിലെ കള്ളമല വില്ലേജിൽ ഒമ്മല-ഒന്തമല ഊരിലുള്ള ആദിവാസികൾ കള്ളമല വില്ലേജ് സർവേ 1139/605 നമ്പരിൽപെട്ട സ്ഥലത്ത് വീട് വച്ചുതാമസിച്ചുവരുന്നു. പ്രസ്തുത സർവേ നമ്പരിൽ പെട്ട സ്ഥലങ്ങൾ റീസർവേ രേഖകൾ പ്രകാരം വനഭൂമിയാണ്. പ്രസ്തുത ഭൂമിയ്ക്ക് പട്ടയം ലഭിയ്ക്കുന്നതിനായി പ്രസ്തുത ആദിവാസി വിഭാഗക്കാരിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടില്ലാത്തതാണ്. |
| (ബി) | നിലവിലുള്ള പട്ടയ ഭൂമിയിൽ റീസർവ്വേ നടത്തി രേഖകൾ നൽകാത്തതിനാൽ പട്ടയഭൂമിയിൽ ഉൾപ്പെടെ വനം വകുപ്പ് ജണ്ട ഇടുന്നത് ആദിവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്ന കാര്യം പരിശോധിക്കുമോ; | (ബി) | ആദിവാസികളുടെ പട്ടയഭൂമിയിൽ വനംവകുപ്പ് ജണ്ട ഇടുന്നത് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (സി) | പട്ടയ ഭൂമിയിൽ റീസർവേ നടത്തി കരം പിരിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ? | (സി) | അഗളി പഞ്ചായത്തിലെ കള്ളമല വില്ലേജിൽ ഒമ്മല-ഒന്തമല ഊരിലുള്ള ആദിവാസികൾ താമസിച്ചുവരുന്ന കള്ളമല വില്ലേജ് സർവേ 1139/605 നമ്പരിൽപെട്ട സ്ഥലങ്ങൾ റീസർവേ രേഖകൾ പ്രകാരം വനഭൂമിയാണ് എന്നാണ് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2006 ലെ വനാവകാശ നിയമപ്രകാരം ഇത്തരം ഭൂമിയ്ക്ക് പട്ടയം അനുവദിയ്ക്കാറില്ല പകരം കൈവശരേഖയാണ് (RoR) അനുവദിയ്ക്കുന്നത്. നിലിവിലെ വ്യവസ്ഥകൾ പ്രകാരം കൈവശരേഖ (Record of Rights) അനുവദിയ്ക്കുന്ന സ്ഥലങ്ങൾക്ക് നികുതി സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ